# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4151 27/06/2012 ൽ മറുപടിയ്ക്ക്

**കോട്ടയം മധുരവേലിയിലെ ഗവൺമെന്റ് ഐ. ടി. ഐ.യിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കോട്ടയം മധുരവേലിയിലെ ഗവൺമെന്റ് ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചു വരുന്നു |
| (ബി) | മധുരവേലി ഐ. ടി. ഐ. യുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പു തലത്തിൽ നടപടി സ്വീകരിക്കുമോ; | (ബി) | മധുരവേലി ഐ. ടി. ഐ. യുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നത് ആവശ്യകതയനുസരിച്ച് പരിഗണിക്കുന്നതാണ്. |
| (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ. കൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്.<br>പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വന്തമായി കെട്ടിടം നിലവിലില്ലാത്ത ഐ.ടി.ഐ. കൾക്കും, ദുർബലമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കൾക്കും, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മോഡേൺ എക്യുപ്മെന്റ്സ് വാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. എട്ട് (8) ഐ.ടി.ഐ.കളെ എം.ആർ.ഐ.ടി. ഐ.കളാക്കി മാറ്റുന്നതിലേയ്ക്ക് നാലിടത്ത് ഹോസ്റ്റൽ അക്കാഡമിക് |

കെട്ടിടങ്ങൾ പൂർത്തീകരിച്ച് ഹോസ്റ്റൽ പ്രവർത്തനത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. മറ്റ് ഐ.ടി.ഐ.കളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിലെ എലത്തൂർ, പാലക്കാട് ജില്ലയിലെ മംഗലം, തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, പത്തനംതിട്ട ജില്ലയിലെ പന്തളം എന്നീ 4 ഐ.ടി.ഐ. കളിൽ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ Upgradation of ITI's through Public Private Partnership (P.P.P) Scheme പ്രകാരം upgrade ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

ഐ.ടി.ഐ. കളിലെ ട്രെയിനികൾക്ക് അവർ പരിശീലനം നേടുന്ന ട്രേഡിലെ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനവും നൽകുന്നതിനായി ഐ.ടി.ഐ. കളിൽ ഇന്റർനെറ്റ് സൗകര്യത്തോടു കൂടി കമ്പ്യൂട്ടർ ലാബ് സജ്ജമാക്കിയിട്ടുണ്ട്. എൻ.സി.വി.റ്റി നോംസ് പ്രകാരമുള്ള പഠനോപകരണങ്ങളും മെഷിനറികളും അതോടൊപ്പം ആധുനിക പഠനോപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ